**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 27** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മാലിന്യ സംസ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുധീർഷാ പാലോട്
ശ്രീ. ചാണ്ടി ഉമ്മൻ
ശ്രീ. രാജൻ. ജെ. പല്ലൻ
ശ്രീ. കെ. ബിനിമോൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ജൈവമാലിന്യ സംസ്കരണത്തിനായി പ്രധാനമായും വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ രീതിയാണ് അവലംബിച്ചു വരുന്നത്. ഗാർഹിക ഉറവിടജൈവമാലിന്യ സംസ്കരണത്തിനായി വീടുകളിൽ മുച്ചട്ടി കമ്പോസ്റ്റ്, കുഴിക്കമ്പോസ്റ്റ്, ബയോ കമ്പോസ്റ്റർ ബിൻ, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയാണ് ഉപയോഗിച്ചുവരുന്നത്. ഉറവിട മാലിന്യ സംസ്കരണം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ കമ്മ്യൂണിറ്റി തലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യം സംസ്കരിച്ചു വരുന്നു. കമ്മ്യൂണിറ്റി ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളിൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ, ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീനുകൾ, എന്നിവ ഉൾപ്പെടുന്നു.

**(ബി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; അതിനായി കേന്ദ്രീകൃത സംസ്കരണ പ്ലാന്റ് എവിടെയെല്ലാം ഉണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ജൈവ മാലന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ വിവിധ ബി.എസ്.എഫ്. പ്ലാന്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. പ്ലാന്റുകൾ ലഭ്യമായ സ്ഥലത്ത് ജൈവ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിന് പരിഹാരം കാണുന്നതിന് കൊച്ചിയിലെ ബ്രഹ്മപുരം കേന്ദ്രീകരിച്ച് ഒരു സി.ബി.ജി. പ്ലാന്റ് ബി.പി.സി.എൽ മുഖേന നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് സി.ബി.ജി. പ്ലാന്റിന്റെ പ്രവർത്തനം പൂർത്തിയായി വരുന്നു.

**(സി)** സംസ്ഥാനത്തെ വിവിധ മേഖലകളായി തിരിച്ച് മുഴുവൻ ജൈവ-അജൈവമാലിന്യങ്ങളും സംസ്കരിക്കാവുന്ന വിധത്തിലുള്ള പ്ലാന്റുകൾ തദ്ദേശീയരായ ജനങ്ങളെ വിശ്വാസത്തിലെടുത്ത് സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ മുഴുവൻ ജൈവ- അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഒരു വേസ്റ്റ് ടു എനർജി പ്ലാന്റും, ഏഴോളം സി.ബി.ജി. പ്ലാന്റുകളും, സാനിട്ടറി മാലിന്യം നിർമ്മാർജ്ജനത്തിനുള്ള പരിഹാരമായിട്ട് നാല് റീജിയണൽ സാനിട്ടറി ഇൻസിനറേറ്റർ പ്ലാന്റുകളും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശീയരായ ജനങ്ങളെ വിശ്വാസത്തിലെടുക്കുന്നതിനായി വിവിധ ഐ.ഇ.സി പ്രവർത്തനങ്ങളും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**